**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നന്മണ്ട ഗ്രാമ പഞ്ചായത്തിലെ കരിയാണിമല - ചെറോലമല പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശിക ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1904**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.07.2012.

പരാമർശം:- ശ്രീ.എ.കെ.ശശീന്ദ്രൻ എം.എൽ.എ. വഴി ലഭ്യമായ നന്മണ്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 15.06.12-ലെ കത്ത്.

**ഉത്തരവ്**

നന്മണ്ട ഗ്രാമ പഞ്ചായത്തിലെ കരിയാണിമല - ചെറോലമല പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശിക റവന്യൂ റിക്കവറിയായതിനെ തുടർന്ന് ടി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ടി തുക അടച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് മേൽ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നന്മണ്ട ഗ്രാമ പഞ്ചായത്തിലെ കരിയാണിമല - ചെറോലമല പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി ചാർജ് കുടിശിക റവന്യൂ റിക്കവറി ആയതിനെത്തുടർന്ന് ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും **18,827/- രൂപ (പതിനെട്ടായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം)** അടവാക്കിയ നടപടിയ്ക്ക്; തുടർ ചെലവുകൾ ഗുണഭോക്തൃ സമിതികൾ തന്നെ വഹിക്കേണ്ടതാണ് എന്ന നിബന്ധനയിൻകീഴിൽ സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, നന്മണ്ട ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് - 673 613.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട് റീജിയൺ, കോഴിക്കോട്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. **(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.